**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനവും തസ്തിക സ്ഥിരപ്പെടുത്തലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റാഫ് ഫിക്സേഷനിലൂടെ നിരവധി അധ്യാപക തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യവും 2022 മുതൽ സംസ്ഥനത്തിന്റെ തെക്കൻ മേഖലയിൽ നിന്നും വടക്കൻ ജില്ലകളിലേക്ക് ഷിഫ്റ്റ് ചെയ്ത ഹയർസെക്കണ്ടറി ബാച്ചുകൾ ഇതുവരെയും സ്ഥിരപ്പെടുത്തിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാച്ചുകൾ സ്ഥിരപ്പെടുത്തി സ്ഥിര അധ്യാപക നിയമനം നടത്താൻ വൈകുന്നതിന്റെ കാരണം അറിയിക്കുമോ; | (എ) | തസ്തിക നിർണയത്തിന് ശേഷം ഹയർ സെക്കൻഡറി വിഭാഗത്തിൽ നിരവധി അധ്യാപക തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നതായും, തെക്കൻ മേഖലയിൽ നിന്നും വടക്കൻ മേഖലയിലേക്ക് ഷിഫ്റ്റ് ചെയ്ത ബാച്ചുകൾ സ്ഥിരപ്പെടുത്തിയില്ല എന്ന വിവരവും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബാച്ചുകൾ സൃഷ്ടിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവിൽ തന്നെ ഷിഫ്റ്റിങ് മൂലം ബാച്ചുകൾ ലഭ്യമായ വിദ്യാലയങ്ങളിൽ നിലവിൽ പുതതായി അധ്യാപക തസ്തികകൾ സൃഷ്ടിച്ച സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകരുത് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും ഹയർ സെക്കൻഡറി വിഭാഗം തസ്തിക നിർണയത്തിന് ശേഷം, ഷിഫ്റ്റ് ചെയ്ത് ലഭ്യമായതുൾപ്പെടെയുള്ള സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെട്ട ബാച്ചുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) | 2022 ന് ശേഷം ഹയർസെക്കണ്ടറിയിൽ സീനിയർ തസ്തികയിൽ നിന്നും ജൂനിയർ തസ്തികകൾ ആക്കി മാറ്റിയ എച്ച്. എസ്. എസ്. റ്റി. മലയാളം (ജൂനിയർ) തസ്തികകൾക്ക് സ്ഥിരാംഗീകാരം നൽകി അധ്യാപക നിയമനം നടത്തുന്നതിന് നടപടി സ്വികരിക്കുമോ; പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; | (ബി) | ഹയർ സെക്കൻഡറി വിഭാഗത്തിലെ തസ്തിക നിർണ്ണയത്തിനു ശേഷം ക്രോഡീകരിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ഏതാനും H SST മലയാളം തസ്തിക HSST (Jr) തസ്തിക യാക്കി തരംതാഴ്ത്തേണ്ടതായി കണ്ടെത്തിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം തസ്തികയിലേക്കുള്ള (474/2023) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത | (സി) | എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം തസ്തികയിലേക്കുള്ള കാറ്റഗറി നമ്പർ (474/2023) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 07 /08/2025 ആണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആർക്കും നിയമനം നൽകിയിട്ടില്ല. സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ ബാച്ച് ഷിഫ്റ്റ്, കുട്ടികളുടെ കുറവ് എന്നിവ മൂലം എച്ച്.എസ്.എസ്.റ്റി. ജൂനിയർ |

| | | | |
|---|---|---|---|
| | തസ്തികയിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | മലയാളം തസ്തികയിൽ ആഴ്ചയിൽ 7 പീരിഡിൽ കുറവ് വർക്ക് ലോഡുള്ള (ജൂനിയർ തസ്തിക നിലനിൽക്കുന്നതിന് 7 മുതൽ 15 വരെ പീരീഡ് ആവശ്യമാണ്.) സ്കൂളുകളിൽ ജൂനിയർ തസ്തികകൾ നഷ്ടപ്പെട്ടതിനാൽ നിലവിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം വിഷയത്തിൽ സേവനമനുഷ്ഠിക്കുന്ന പി.എസ്.സി. മുഖേന നിയമിതരായവരുടെ എണ്ണം സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന പ്രകാരം കണക്കാക്കുമ്പോൾ 75% അധികരിച്ചിരിക്കുന്നു. തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടപ്പെട്ട് അധികം ആയ അധ്യാപകര തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരുന്ന ഒഴിവുകളിലേക്കാണ് പുനർവിന്യസിച്ചിരിക്കുന്നത്. നിലവിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ സുങ്ത് മലയാളം തസ്തികയുടെ പി.എസ്.സിയുടെ കേഡർ അധികരിച്ചതിനാൽ പി. എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളില്ല. |

സെക്ഷൻ ഓഫീസർ